# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അതിയന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 3/1809/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 3/1809/2021 തീയ്യതി: 26/02/2022

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 28-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 28-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയലക്ഷ്മി ബി കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശ്രീജിത്ത് എസ് കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ലിപു ലോറൻസ്സ്, ഓഡിറ്റർ
ശ്രീമതി ആര്യ കൃഷ്ണൻ എ ആർ, ഓഡിറ്റർ
ശ്രീമതി ബിനു ചന്ദ്രൻ ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന ബി.റ്റി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.വി.പി.സുനിൽ കുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.റഹ്മത്തുള്ള എ.റ്റി | സെക്രട്ടറി | 01-02-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആശാറാണി എ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീദേവി ജി.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.സന്ധ്യ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2020 | 31-03-2021 |
| ശ്രീമതി.അനശ്രീ.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2020 | 31-03-2021 |
| ശ്രീമതി.അനിത കെ.വി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-05-2020 |
| ശ്രീമതി.ലിഷ ജെയിംസ് | ഹെഡ്മിസ്ട്രസ്സ് ഇൻ ചാർജ് | 01-06-2020 | 31-03-2021 |
| ശ്രീമതി.ചിത്ര.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയശ്രീ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 10-08-2020 |
| ശ്രീമതി.ഷീബ എസ്.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-08-2020 | 31-03-2021 |
| ഡോ.ശൈവ വി.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീലക്ഷ്മി എം | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.റഹ്മത്തുള്ള എ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.പ്രസാദ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീമതി.ലേഖ ഡി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 31-03-2021 |
| ശ്രീ.ഷിബു റ്റി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.കാർത്തികേയൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 18-08-2020 | 31-03-2021 |
| ഡോ.അഖിൽ വൈ.എ | മെഡിക്കൽ ഓഫീസർ സി എച്ച് സി, വെൺപകൽ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayalekshmi BK (Senior Grade Auditor, On 02-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-02-2022) | 1-1 |
| 2 | ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു<br>Written By: Jayalekshmi BK (Senior Grade Auditor, On 02-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-02-2022) | 1-1-1 |
| 3 | ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത<br>Written By: Jayalekshmi BK (Senior Grade Auditor, On 02-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-02-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 02-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-02-2022) | 1-2 |
| 5 | വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 02-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-2-1 |
| 6 | ഗ്രാന്റ് വിനിയോഗം അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 02-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-3 |
| 7 | സാമ്പത്തികനില<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-12-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Lipu Lawrence (Auditor, On 10-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreejith S K (Senior Grade Auditor, On 10-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-02-2022) | 1-6 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Mary Andrews (Audit Officer, On 21-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-02-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Arya Krishnan A.R (Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-02-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Mary Andrews (Audit Officer, On 21-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-02-2022) | 1-9 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-10 |
| 14 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-10-1 |
| 15 | അപേക്ഷയിൽ സ്ഥലനാമങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-10-2 |
| 16 | മുൻ വർഷങ്ങളിലെ ലൈസൻസ് തുക ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-10-3 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-10-4 |
| 18 | ആറ് വർഷത്തോളം ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിച്ചു<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-10-5 |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-11 |

| | | |
|---|---|---|
| 20 | വാടക കരാർ ഹാജരാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-11-1 |
| 21 | വാടക ഈടാക്കവാൻ അവശേഷിക്കുന്നു<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-11-2 |
| 22 | ലേലം- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-12 |
| 23 | വസ്തുനികുതി- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-13 |
| 24 | സ്ഥാപനത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ- ജാഗ്രത പുലർത്തേണ്ടതാണ്<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-14 |
| 25 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: Mary Andrews (Audit Officer, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-15 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-16 |
| 27 | തുടർസാക്ഷരത- രേഖകൾ ലഭ്യമാക്കിയില്ല -ചെലവ് തുക 153208/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-17 |
| 28 | സ്കൂളുകളിലേക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-18 |
| 29 | കാർഷിക മേഖല- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-19 |
| 30 | കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ പിഴ പലിശ ഈടാക്കുന്നില്ല<br>Written By: Sreejith S K (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-20 |
| 31 | മിനി എം.സി.എഫ് സ്ഥാപിക്കൽ- 25,632/- രൂപ അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 03-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 09-02-2022) | 1-21 |
| 32 | സെക്രട്ടറി പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Lipu Lawrence (Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-22 |
| 33 | മെഡിക്കൽ ഓഫീസർ (അലോപ്പതി) പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-23 |
| 34 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 05-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 09-02-2022) | 1-24 |
| 35 | കില പരിശീലനം- ചെലവു തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 22-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 11-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 09-02-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 04-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-02-2022) | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2020 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 25,65,99,199/-രൂപയും പ്രതീക്ഷിത ചെലവ് 24,77,79,641/-രൂപയും നീക്കിയിരിപ്പ് 88,19,558/- രൂപയുമാണ്. ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ, ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനത്തിന് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501002 | Agriculture & Related Sectors- Other Crops | 0 | 10,84,600/- |
| 2 | 2501006 | Agriculture & Related Sectors- Fisheries General | 0 | 2,08,480/- |
| 3 | 2501026 | Agriculture & Related Sectors- Agriculture Related Facilities- General | 0 | 3,52,000/- |
| 4 | 2501039 | Animal Husbandry- Infrastructure- General | 0 | 1,10,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/28.09.2021) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-2 ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത

ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ്(ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501032 | Animal Husbandry- Goat | 7,50,000/- | 8,16,000/- |
| 2 | 2511007 | Sports | 50,000/- | 1,00,000/- |

വരും വർഷങ്ങളിൽ ഇത്തരത്തിൽ ചെലവ് അധികരിച്ചാൽ പരിഷ്കരിച്ച ബജറ്റ് നിശ്ചിത സമയ പരിധിക്കുള്ളിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/28.09.2021) മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 28.06.2021 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകതകൾ

1) Canara Bank-Own Fund റീകൺസിലിയേഷൻ-

A)സ്റ്റേറ്റ്മെന്റ് പ്രകാരം പണമാക്കിയില്ലായെന്ന് രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് നം. 282183 ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 26.03.2021 ൽ പണമാക്കിയിട്ടുണ്ട്.

B) ബിൽ രജിസ്റ്റർ പ്രകാരം ഇഷ്യൂ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ചെക്കുകൾ തൻവർഷം പണമാക്കിയിട്ടില്ല. എന്നാൽ ഇത് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ചെക്ക് നം. | തുക |
|---|---|
| 282247 | 75000 |

| | |
|---|---|
| 282221 | 1000 |
| 282182 | 12400 |

C)പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല

1. ഫെസ്റ്റിവൽ അഡ്വാൻസ് - രജിസ്റ്റർ പ്രകാരം തൻവർഷം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയിട്ടില്ല. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 115000/രൂപ ഈ ഇനത്തിൽ ചെലവുണ്ട്. ഇതിൽ 6000/-രൂപ മാത്രം ക്രമീകരിച്ചതായാണ് കാണുന്നത്.

2. രജിസ്റ്ററും, എ.എഫ്.എസുമായി ചുവടെ ചേർക്കുംപ്രകാരം പൊരുത്തപ്പെടുന്നില്ല.

| | രജിസ്റ്റർ പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|
| Advance To Others | | |
| അഡ്വാൻസ് നൽകിയത് | 1735911 | 1459507 |
| തിരികെ റീക്കുപ്പ് ചെയ്തത് | 2447363 | 2197363 |
| Rent From Buildings | | |
| കളക്ഷൻ (കറണ്ട്) | 294400 | 282214 |
| അഡ്വാൻസ് കളക്ഷൻ | 0 | 3156 |
| Auction Deposit | | |
| ലഭിച്ചത് | 7500<br>(സംക്ഷിപ്തത്തിൽ 11000/- ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്) | 0 |
| തിരികെനൽകിയത് | 46000 | 35000 |

3. ഡിപ്രീസിയേഷൻ വാല്യൂ- ലഭ്യമാക്കിയ ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതും, വാർഷികധനകാര്യപത്രിക (B-11) പ്രകാരമുള്ളതും പൊരുത്തപ്പെടുന്നില്ല.

4. എൻ-ആർ.ഇ.ജി.എസ്- ഇ.എഫ്.എം.എസ് വരവ്/ചെലവ് സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5. വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ(I-18) ഭരണസമിതി തീരുമാനമില്ലാതെ Property Tax(Res) ഡിമാന്റിൽ (-)411175/-രൂപയും, Property Tax(Non-Res) ഡിമാന്റിൽ 354396/-രൂപയും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

6. 2020-21 സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് (B-14) Stock In Hand (Inventories)ൽ ഉൾപ്പെടുത്തിയിട്ടില്ല.

7.2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം അപാകതകൾ

I. ലഭ്യമായ ഗ്രാന്റ് ചുവടെ ചേർക്കും പ്രകാരം ലാപ്സായതായി കാണുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (എ.സി.ആർ പ്രകാരമുള്ളത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17434466 | 17434466 | 17050928 | 383538 |
| വികസന ഫണ്ട് (SCP) | 0 | 8440568 | 8440568 | 8434509 | 6059 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (TSP) | 0 | 105000 | 105000 | 0 | 105000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | 0 | 15575604 | 15575604 | 10581431 | 4994173 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 7650000 | 7650000 | 3217466 | 4432534 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 25696000 | 25696000 | 25692650 | 3350 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 5855172 | 5855172 | 5854048 | 1124 |

പദ്ധതി പൂർത്തീകരിച്ച് ബില്ലുകൾ വന്നതുപ്രകാരമാണ് തുക നൽകിയതെന്നാണ് ഇതിന് വിശദീകരണം ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിപ്പണം പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

II. പദ്ധതി ഫണ്ട് ചെലവുകൾ-വാർഷിക ധനകാര്യപത്രികയിലെയും ഗ്രാന്റ് വിനിയോഗ പത്രികയിലെയും ചെലവ് തുകകളിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ട് ഇനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് | എ.എഫ്.എസ്സ്.ACR (RP-7) പ്രകാരമുള്ള ചെലവ്. | അപാകത സംബന്ധിച്ചുള്ള വിശദീകരണം |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 19257837 | 17050928 | ജി.ഒ. പ്രോജക്റ്റുകളുടെ തുകയാണ് വ്യത്യാസമായി വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. |
| വികസന ഫണ്ട് (SCP) | 8668941 | 8434509 | |

III. സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 3-4 ൽ വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് പ്രോജക്റ്റ് വിഹിതങ്ങൾ സംസ്ഥാന ബജറ്റിന്റെ അനുബന്ധം-4 പ്രകാരമുള്ള തുകയ്ക്ക് അനുസൃതമായിരിക്കണം വകയിരുത്തേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബജറ്റിന് അധികമുള്ള തുകയ്ക്കാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ വകയിരുത്തിയതിന്റെ പകുതിയിൽ താഴെയാണ് ചെലവ് വന്നിട്ടുള്ളത്.

| ഫണ്ടിനം | സംസ്ഥാന ബജറ്റിന്റെ അനുബന്ധം-4 പ്രകാരം വകയിരുത്തിയ തുക | പ്രോജക്റ്റ് പ്രകാരം വകയിരുത്തിയത് | ചെലവ് |
|---|---|---|---|
| വികസനഫണ്ട്(പൊ.വി) | 19166000 | 23701740 | 19257837 |
| വികസനഫണ്ട്(എസ്.സി.പി) | 8675000 | 11180095 | 8668941 |
| വികസനഫണ്ട്(ടി.എസ്.പി) | 105000 | 105000 | 0 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 5915000 | 7104000 | 5854048 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 25696000 | 34618491 | 25692650 |

സംസ്ഥാന ബജറ്റിന് മുൻപ് തന്നെ ഗ്രാമപഞ്ചായത്ത് ബജറ്റ് തയ്യാറാക്കിയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിന്നും ഒരു അനുമാനിത വർദ്ധനവോടെ പദ്ധതി വിഹിതം വകയിരുത്തിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

IV. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖ. 6.1, 6.2 എന്നിവ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നാൽ പട്ടികവർഗ്ഗ ഉപപദ്ധതിക്കായി ലഭിച്ച മുഴുവൻ തുകയും ചെലവഴിക്കാതെ പാഴായിരിക്കുന്നു. ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ തൻവർഷം തുക നൽകാൻ കഴിഞ്ഞിട്ടില്ലായെന്നാണ് വിശദീകരണം ലഭ്യമാക്കിയത്.

ഗ്രാന്റുകൾ വകയിരുത്തുന്നതിന് മാർഗ്ഗരേഖനിർദ്ദേശം കർശനമായി പാലിക്കേണ്ടതും, ആയത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് പ്രത്യേക ശ്രദ്ധ കൈവരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

V. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾ മുൻവർഷം ചെലവഴിക്കാത്തത് തൻവർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| 320100116- SSA | 62000 |
| 320100121- ICDS | 225193 |

| | |
|---|---|
| 320200309- Literacy Scheme Grant | 118155 |
| 320200322- Grant From Suchitwa Mission | 1535495 |
| 320200323- Grant For Keralolsavam | 4982 |
| 320300199- Grant From Other Govt. Agencies | 594502 |
| 320700105-Contribution For Joint Venture Projects- District Panchayat | 50903 |
| 320700204-Contribution For Joint Venture Projects- Block Panchayat | 355955 |
| 320700205-Contribution For Joint Venture Projects- District Panchayat | 273375 |

മേൽ ഗ്രാന്റുകൾ ലഭിച്ചത് ചെലവഴിക്കാത്തതിനുള്ള കാരണമാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുക ചെലവഴിക്കാത്തപക്ഷം അതാത് ഏജൻസികളിലേക്ക് തിരികെ നൽകേണ്ടതാണ്.

## 1-4 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 24636360 |
| വരവ് | 114956286 |
| ആകെ | 139592646 |
| ചെലവ് | 113496557 |
| നീക്കിയിരിപ്പ് | 26096089 |

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പദ്ധതികൾ

| (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 266 | 124257337/- രൂപ | 214 | 85569932/-രൂപ | 52 |

പദ്ധതികൾ ആസൂത്രണം ചെയ്ത ശേഷം നടപ്പാക്കാതിരിക്കുന്നത് ഫണ്ട് നഷ്ടപ്പെടാനിടയാക്കുന്നു. പദ്ധതികൾ സ്പിൽ ഓവർ ആയി നടപ്പാക്കപ്പെടുമ്പോൾ ജനങ്ങൾക്കാവശ്യമായ സേവനം വൈകുകയാണ് ചെയ്യുന്നതെന്ന വസ്തുത പരിഗണിച്ച് അതത് വർഷം തന്നെ പദ്ധതികൾ പൂർണ്ണമായും നിർവ്വഹണം നടത്താൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടും വിധം പദ്ധതി ആസൂത്രണം ചെയ്തു കഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത്കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

വാങ്ങൽ പ്രക്രിയ നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 506678 | 1767685 | 2274363 | 2274363 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 46526000 | 46526000 | 46526000 | 0 |
| ആകെ | 506678 | 48293685 | 48800363 | 48800363 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 720 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 9568100 | 716 |
| വിധവാപെൻഷൻ | 16165900 | 1109 |
| വാർദ്ധക്യകാല പെൻഷൻ | 36309800 | 2716 |
| വികലാംഗ പെൻഷൻ | 5478800 | 376 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 848500 | 62 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2021 തീയതിയിൽ 03.00 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,790/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. വിവിധ രജിസ്റ്ററുകളുടെ പരിപാലനം, നികുതി, നികുതിയേതര വരുമാനങ്ങളിലൂടെയുള്ള തനതു വരുമാന ശേഖരണം എന്നിവ ഓഫീസ് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ കുറേക്കൂടി ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതുണ്ടെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസുകൾ, ലേലം വാടക എന്നീ ഇനങ്ങളിലെ പിരിവുകൾ കൃത്യമായും ആധികാരികമായും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി സംരക്ഷണം ശ്രദ്ധയൂന്നേണ്ട വിഷയമാണ്.

പദ്ധതി ചെലവുകളിൽ കൃത്യതയും പൂർണതയും ഫലപ്രാപ്തിയും ഉറപ്പുവരുത്തേണ്ടതിനും സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

വിവിധ കമ്മിറ്റി മീറ്റിംഗുകൾ സമയബന്ധിതമായി ചേരുന്നതിനും മിനിട്ട്സ് കൃത്യമായി രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-10-1 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു

ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത കടകളുടെ എണ്ണം - 240

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള കടകളുടെ എണ്ണം- 306

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ 66 കടകൾ പ്രവർത്തിക്കുന്ന മേൽ സാഹചര്യത്തിൽ, ഡിമാന്റ് തുക തന്നെ കളക്ഷൻ തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/20.09.2021) ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ലോക്ക്ഡൗൺ സമയത്ത് തുറന്നു പ്രവർത്തിച്ചിരുന്നില്ലായെന്നും ആയതിനാലാണ് ലൈസൻസ് എടുക്കാൻ സാധിക്കാതെ വന്നതെന്നും അറിയിച്ചു. എന്നാൽ, 66 കടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിട്ടും ഡിമാന്റ് തുക തന്നെ കളക്ഷൻ തുകയായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിവരങ്ങൾ മറുപടിയിൽ ഉൾപ്പെട്ടിട്ടില്ല.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ആക്ട് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. അനധികൃതമായി പഞ്ചായത്ത് പരിധിയിൽ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും ഈയിനത്തിൽ തനതു ഫണ്ടിന് ചോർച്ച സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-10-2 അപേക്ഷയിൽ സ്ഥലനാമങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

സർക്കുലർ നമ്പർ 4658/ആർ.സി.2/2008/തസ്വഭവ തീയതി 15.06.2009 പ്രകാരം സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശുപത്രികളിലും കട

ഉൾപ്പെടെയുള്ള മറ്റു സ്ഥാപനങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ കർശനമായും പ്രദർശിപ്പിക്കേണ്ടതും ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും ഇക്കാര്യം ഉറപ്പാക്കേണ്ടതുമാണ്. എന്നാൽ, അപേക്ഷയെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ടിൽ പ്രസ്തുത വിവരം രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- എസ്.എൽ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട്, നെല്ലിമൂട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/20.09.2021) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലനാമം സംബന്ധിച്ച റിപ്പോർട്ട് വീഴ്ച്ച കൂടാതെ മേലിൽ രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-10-3 മുൻ വർഷങ്ങളിലെ ലൈസൻസ് തുക ഈടാക്കിയിട്ടില്ല

2020-2021 സാമ്പത്തിക വർഷം സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ച മുൻ വർഷത്തെ ലൈസൻസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അപേക്ഷയോടൊപ്പം സമർപ്പിച്ച മുൻ വർഷത്തെ ലൈസൻസ് വിവരം |
|---|---|---|
| 1 | രേവതി സ്റ്റോർ | - |
| 2 | പി.ആർ ഇലക്ട്രോണിക്ക്സ് & ഇലക്ട്രിക്കൽസ് | 2017-2018 |
| 3 | ശരണ്യാ ഗാർമെന്റ്സ് | 2017-2018 |
| 4 | എം.ജി.എം ഗ്രാഫിക്സ് | - |
| 5 | എം.ജെ ഗ്ലാസ് & ഹാർഡ് വെയർ | 2018-2019 |
| 6 | സുധീഷ് സ്റ്റോർ | 2018-2019 |
| 7 | അശ്വതി സിമെന്റ് & ബ്ലോക്ക് | 2013-2014 |
| 8 | അമ്മു ഫർണിച്ചർ മാർട്ട് | 2016-2017 |
| 9 | അജിൻ ഫർണിച്ചർ | 31.03.2016 വരെ |
| 10 | രജനി സ്റ്റോർ | 2018-2019 |

ഈ സ്ഥാപനങ്ങൾക്ക് 2020-2021 വർഷത്തെ ലൈസൻസ് അനുവദിച്ചപ്പോൾ മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/20.09.2021), കോവിഡ് രൂക്ഷമായ കാലയളവിൽ നൽകിയ അപേക്ഷകരുടെ ലൈസൻസ് അപേക്ഷകൾ നിരുപാധികം അനുവദിക്കുകയും ലൈസൻസ് നൽകുകയും ഉണ്ടായിട്ടുണ്ടെന്നും, ടി ലൈസൻസ് അപേക്ഷകൾ പരിശോധിച്ച് ലൈസൻസ് എടുക്കാത്ത കാലയളവിലെ ലൈസൻസ് തുക ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. 2016-2017 മുതൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കി തനതു ഫണ്ടിന് ചോർച്ച സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-10-4 ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ പ്രവർത്തന സജ്ജമായ 21 കടമുറികളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/25.09.2021) ലഭ്യമാക്കിയ മറുപടിയിൽ കടമുറികൾ പലതും കോവിഡ് വ്യാപനം കണക്കിലെടുത്ത് ഭാഗീകമായിട്ടാണ് തുറന്ന് പ്രവർത്തിച്ചതെന്നും ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകുന്നതിനും ലൈസൻസ് ഫീ ഈടാക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-10-5 ആറ് വർഷത്തോളം ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിച്ചു

സി.എച്ച്.സി ഹെൽത്ത് സൂപ്പർവൈസറുടെ 07.09.2020 തീയതിയിലെ 608/2020/സി.എച്ച്.സി.വി നമ്പർ കത്ത് പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ പ്രവർത്തിക്കുന്ന എ.വി.എ ചിക്കൺ സ്റ്റാൾ എന്ന സ്ഥാപനം 17.06.2020-ൽ നടത്തിയ പരിശോധനയിൽ കഴിഞ്ഞ 6 വർഷമായി ലൈസൻസ് ഇല്ലാതെയും ചട്ടങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്നതായി കണ്ടെത്തി. കാലാകാലങ്ങളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നൽകിയിരുന്ന നോട്ടീസുകൾ അവഗണിച്ചിരുന്നതായും വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷ്യസാധനങ്ങൾ സൂക്ഷിച്ചിരുന്നതായും വിവരണം ചെയ്തതായും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മലിനജലം അനാരോഗ്യകരമായ ഒഴുക്കിവിടുന്നതും കെട്ടിനിൽക്കുന്നതും ഈച്ച, കൊതുക് എന്നിവയുടെ വളർച്ചയ്ക്ക് സാഹചര്യം സൃഷ്ടിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ടിൻ പ്രകാരം, 7,500/- രൂപ 6 വർഷത്തെ ലൈസൻസ് ഫീസായി (രസീത് നമ്പർ 120010101512 തീയതി 07.09.2020) ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിക്കുള്ളിൽ ലൈസൻസ് എടുക്കാതെ 6 വർഷമായി പ്രവർത്തിച്ചിട്ടും 2019-2020 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ പോലും പ്രസ്തുത സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/20.09.2021) ലഭ്യമാക്കിയ മറുപടിയിൽ എ.വി.എ ചിക്കൺ സ്റ്റാൾ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന്റെ ബോർഡോ തിരിച്ചറിയുന്നതിനുള്ള മറ്റ് ഉപാധികളോ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നില്ലായെന്നും ആയതിനാലാണ്

ട്രോഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയ വേളയിൽ വിട്ടു പോയതെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ കടകളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും അതുവഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതും ആരോഗ്യ- പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-11 ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 വാടക കരാർ ഹാജരാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന വാടകക്കാരുമായുള്ള വാടക കരാർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| കടമുറി നമ്പർ | പേര് |
|---|---|
| 1 | ഉദയകുമാർ |
| 3 | ചന്ദ്രിക |
| 5 | ബിജു.കെ.എസ് |
| 6 | യമുന |
| 7 | രാജമണി |
| 9 | ബാബു.ജെ.എസ് |
| 11 | രാജമണി |
| 15 | ബെന്നി |
| 16 | ഗോമതി |
| 17 | തങ്കപ്പൻ |
| 18 | ശിവദാസൻ |
| 21 | ചന്ദ്രിക |
| 22 | സുകു.ജി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/25.09.2021) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പ്രതിസന്ധി കാരണമാണ് യഥാസമയം വാടക കരാർ വയ്ക്കാത്ത സാഹചര്യം ഉണ്ടായതെന്നും ഇനിയുള്ള കാലയളവിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. യഥാസമയം വാടകക്കാരുമായി വാടക കരാർ ചമയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-11-2 വാടക ഈടാക്കുവാൻ അവശേഷിക്കുന്നു

ചുവടെ ചേർക്കുന്ന വാടകക്കാരിൽ നിന്നും വാടക ഈടാക്കുവാൻ അവശേഷിക്കുന്നു.

| കടമുറി നമ്പർ | പേര് | വാടക ഈടാക്കുവാൻ അവശേഷിക്കുന്ന മാസം | മാസ വാടക |
|---|---|---|---|
| 6 | യമുന | 2020 ഏപ്രിൽ- 2021 മാർച്ച് | 1,991/- |
| 21 | ചന്ദ്രിക | 2020 ഒക്ടോബർ- 2021 മാർച്ച് | 1,153/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/25.09.2021) ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര പ്രാധാന്യം നൽകി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വാടകക്കാരുമായി വാടക കരാറിലും ഏർപ്പെട്ടിട്ടില്ലായെന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. വാടക കുടിശ്ശിക തുക പിരിച്ചെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 ലേലം- അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2020-2021 സാമ്പത്തിക വർഷത്തെ നെല്ലിമൂട് പബ്ലിക്ക് മാർക്കറ്റിന്റെ ലേലം 22.02.2020 തീയതിയിലെ 3/1 നമ്പർ തീരുമാനം പ്രകാരം 11,10,000/- രൂപയ്ക്ക് ശ്രീ.സുകുമാരന് അംഗീകരിച്ച് നൽകി. 07.03.2020-ലെ 119010105771 നമ്പർ രസീത് പ്രകാരം 3,30,225/- രൂപ

ആദ്യഗഡു ഒടുക്കിയിട്ടുണ്ട്. എന്നാൽ, 11.09.2020 തീയതിയിലെ 7/11 നമ്പർ തീരുമാനത്തിൽ ടിയാൾ ലേലത്തിൽ നിന്നും പിൻമാറിയതായി അറിയിച്ചതിനാൽ 24.09.2020-ന് പുനർലേലം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പുനർലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ ലേലം 06.10.2020 തീയതിയിലേയ്ക്ക് മാറ്റിവച്ചു. 06.10.2020-ൽ നടന്ന പുനർലേലത്തിലും ശ്രീ.സുകുമാരനെ പങ്കെടുപ്പിച്ചിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷത്തിൽ ലേലം താല്ക്കാലികമായി ഉറപ്പിച്ച നൽകിയതിന ശേഷം പിൻമാറിയ ടിയാൾക്ക് 2020-2021 സാമ്പത്തിക വർഷത്തിലും ലേലം ഉറപ്പിച്ച നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/25.09.2021) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് ലോക്ക്ഡൗൺ മൂലം ചന്ത അടച്ചിട്ട് സാമ്പത്തിക നഷ്ടം വന്നതിനാൽ ലേലത്തിൽ നിന്ന് പിൻമാറുകയാണെന്ന് ശ്രീ.സുകുമാരൻ അറിയിച്ച സാഹചര്യത്തിൽ പുനർലേലം നടത്തുകയും, പുനർലേലത്തിൽ ആകെ 3 പേരെ പങ്കെടുക്കുവാൻ ഉണ്ടായിരുന്നുള്ളുവെന്നും അംഗസംഖ്യ കൂട്ടി ലേലം കൂടുതൽ തുകയ്ക്ക് ഉറപ്പിക്കാൻ വേണ്ടിയാണ് ശ്രീ.സുകുമാരനെ പങ്കെടുപ്പിച്ചതെന്നും അറിയിച്ചു. 2019-2020 സാമ്പത്തിക വർഷത്തിലും ലേലത്തിൽ നിന്ന് പിൻമാറി പഞ്ചായത്തിന് നഷ്ടം വരുത്തിയ വ്യക്തിയെ പങ്കെടുപ്പിച്ച് ലേലം ഉറപ്പിച്ച് പഞ്ചായത്തിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ തീരുമാനിച്ചതിലെ യുക്തി വിലയിരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. ലേല നിബന്ധന (1) പ്രകാരം പഞ്ചായത്തുമായി വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരേയും നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളവരേയും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം നെല്ലിമൂട് പബ്ലിക്ക് മാർക്കറ്റ് മാലിന്യ നീക്കത്തിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച 35,883/- രൂപ കരാറുകാരനായ ശ്രീ.സുകുമാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/25.09.2021) ലഭ്യമാക്കിയ മറുപടിയിൽ 2017-18 ൽ പഞ്ചായത്തുമായി വച്ച കരാറിൽ മാലിന്യം നീക്കം ചെയ്യേണ്ട കാര്യം പരാമർശിച്ചിരുന്നില്ലായെന്നും ആയതിനാൽ തുക പ്രസ്തുത സമയത്തെ സെക്രട്ടറിയുടെ പേരിൽ ബാധ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

## 1-13 വസ്തുനികുതി- അപാകതകൾ

I. വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിലെ അപാകത പരിഹരിക്കേണ്ടതുണ്ട്.

100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യസ്ഥാപനങ്ങൾക്ക് 60/- രൂപ നിരക്കിലാണ് വസ്തുനികുതി നിരക്ക് കണക്കാക്കിയിരിക്കുന്നത്. എന്നാൽ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങൾക്ക് ഇതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് (50/- രൂപ നിരക്കിൽ), വസ്തുനികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ പല കെട്ടിടങ്ങളെയും തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഉദാ. വാർഡ് നം. 13 ലെ 185/C നമ്പർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 119.77 ച.മീ. ആണ്( താഴത്തെ നില-109.37, ഒന്നാം നില- 10.4). എന്നാൽ പ്രസ്തുത കെട്ടിടത്തെ 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യ സ്ഥാപനങ്ങൾ എന്ന ഉപയോഗ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അപാകത പരിശോധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നതിന് ഐ.കെ.എം-ന് നിർദ്ദേശം നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

II. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

സഞ്ചയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടവറുകളിൽ 3 എണ്ണത്തിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിടം നം | മൊബൈൽ ടവർബി.എസ്.എൻ.എൽ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 15/276/A | ബി.എസ്.എൻ.എൽ | 42525 | 2013 ആദ്യപകുതി മുതൽ 2021 രണ്ടാംപകുതി വരെ |
| 2 | 9/120/A | ബി.എസ്.എൻ.എൽ | 46782 | 2013 ആദ്യപകുതി മുതൽ 2021 രണ്ടാംപകുതി വരെ |
| 3 | 12/415/A | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ്/ എയർസെൽ | 45360 | 2013 ആദ്യപകുതി മുതൽ 2021 രണ്ടാംപകുതി വരെ |

III. മേഖലാനിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 5 | 5/11/A | കൃഷ്ണകുമാർ | ആര്യ മാനസം, കൊടങ്ങാവിള, കൊടങ്ങാവിള പി ഒ | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 5/11/B | രതീഷ്.എസ് | പി.ആർ.ഭവൻ, കൊടങ്ങാവിള, കൊടങ്ങാവിള പി ഒ | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |

| വാർഡ് നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 12 | 12/21/A | വിജയൻ.സി | ശ്രീലക്ഷ്മിവില്ല, കന്നമാമൂട് വടക്കരിക്, വെൺകുളം, നെല്ലിമൂട് പി ഒ | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| | 12/21/B | സനീഷ് കമാർ . എസ്സ്.ജി | ശ്രീനാഥ്ഭവൻ, കന്നമാംമൂട്, വെൺകുളം, നെല്ലിമൂട് പി ഒ | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |

IV. അനധികൃത കെട്ടിടങ്ങൾ- കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്

1. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ സഞ്ചയ U/A ലിസ്റ്റ് പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ല (ഉദാ. 17ാം വാർഡിലെ UA-1, UA-2 നമ്പർ കെട്ടിടങ്ങൾ).

2. U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാകെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല. ഉദാ. 1ാം വാർഡിലെ ശ്രീ.ജനാർദ്ദനന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം. പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്ഥാപനത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ- ജാഗ്രത പുലർത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾ വികസന, സാമൂഹിക – ക്ഷേമപ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുക എന്നത് പ്രധാനമാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകൾ കണ്ടെത്തുക എന്നതും അവയിൽ നിന്നും വരുമാനങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ഉറപ്പു വരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 02.06.2017 തീയതിയിലെ ജി.ഒ(ആർ.ടി) നം.1833/2017/ത.സ്വ.ഭ.വ ഖണ്ഡിക 3.3പ്രകാരം എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുമ്പായി മുൻമാസത്തെ വരവ് ചെലവ് പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് പരിശോധിച്ച് കമ്മിറ്റിയുടെ വിലയിരുത്തലുകൾ സഹിതം പഞ്ചായത്ത് കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. കൂടാതെ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി പിരിവിന് പോകുന്ന ജീവനക്കാർക്ക് നികുതി പിരിവ് ലക്ഷ്യം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതും ഓരോ മാസവും പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്.

2. ഖണ്ഡിക 3.5 എ പ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കാർഷിക ആവശ്യങ്ങൾക്ക് പാട്ടത്തിന് നൽകാവുന്നതാണ്.

3. ഖണ്ഡിക 3.5 ഇ പ്രകാരം ആഴ്ച്ച ചന്ത രൂപീകരിച്ച് ഇടനിലക്കാരില്ലാതെ കർഷകർക്ക് നേരിട്ട് സാധനങ്ങൾ വിൽക്കുന്നതിന് സൗകര്യം ഒരുക്കാവുന്നതും, കർഷകരിൽ നിന്നും ഫീസ് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

4. 02.02.2021 തീയതിയിലെ അജണ്ട 12 തീരുമാനം 38 പ്രകാരം വസ്തു നികുതി ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/18.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന് ലഭിക്കേണ്ടതായ എല്ലാ വരുമാനങ്ങളും കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, രജിസ്റ്ററുകൾ തയ്യാറാക്കി വരവിന്റെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യുന്നുണ്ടെന്ന് പരിശോധിക്കേണ്ടതുമാണ്. നികുതി-നികുതിയേതര വരുമാനങ്ങൾ ലഭിക്കുന്നതിന് വർഷാരംഭത്തിൽ തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും, മാസംതോറും പിരിവ് പുരോഗതി വിലയിരുത്തി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

2020-21 സാമ്പത്തികവർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ നിർദ്ദേശപ്രകാരം നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കോവിഡ് 19 ന്റെ ഭാഗമായി പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ വിവിധ ഏജൻസികൾ, പൊതുജനങ്ങൾ, സന്നദ്ധ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിച്ച തുകകൾ നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനുമായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല . സി.എഫ്.എൽ.ടി.സി.കളുടെ രൂപീകരണത്തിനും നടത്തിപ്പിനുമായി പ്രത്യേക മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ്-19ന്റെ പാശ്ചാത്തലത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ വാർഡിലും ഒരു സന്നദ്ധ പ്രവർത്തകൻ, ഒരു ആരോഗ്യ പ്രവർത്തകൻ, ഒരു ജനമൈത്രി പോലീസ് ഓഫീസർ എന്നിവർ ഉൾപ്പെടുന്ന അഞ്ചു ടീമുകൾ രൂപികരിക്കാൻ 19.03.2020 ൽ കൂടിയ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചുവെന്നും ഭക്ഷണത്തിനു സംഭാവന, സ്പോൺസർഷിപ്പ് എന്നിവ വഴിയാണ് തുക കണ്ടെത്തിയതെന്നും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ദൈനംദിന പ്രവർത്തനങ്ങൾക്ക് തുക കൈമാറിയിട്ടില്ലായെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നും 1,37,438/-രൂപ കമ്മ്യൂണിറ്റി കിച്ചനു വേണ്ടി ചെലവഴിച്ചതായി അറിയിച്ചു. എന്നാൽ ഇതിലേക്കായി പ്രത്യേക വരവ്-ചെലവ് കണക്ക് സൂക്ഷിച്ചിട്ടില്ല. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യ ഭക്ഷണ കിറ്റ് വിതരണം ചെയ്തിട്ടില്ല. ക്വാറന്റീൻ സെന്ററിനു ആവശ്യമായ വസ്തുക്കൾ (കട്ടിൽ, മെത്ത, തലയിണ, ബെഡ്ഷീറ്റ് മുതലായവ) പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി വാങ്ങുകയും അവ സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഒരു ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറണ്ടൈൻ സെന്റർ പ്രവർത്തിച്ചിട്ടുണ്ട്. Covid 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെയും ആശാ പ്രവർത്തകരെയും നിയോഗിച്ചുവെന്നും, കോവിഡ് 19 പ്രതിരോധ

പ്രവർത്തനങ്ങളുടെ ഭാഗമായി 1,00,000/- രൂപ വകയിരുത്തി സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി പകർച്ചവ്യാധി നിയന്ത്രണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.27/28.09.2021).

## 1-16 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) പ്രോജക്ട് നമ്പർ- 203/2020-2021 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര്- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ തുക- 11,50,000/-

ചെലവ്- 11,50,000/-

ബിൽ നമ്പർ- (1) MI 01/2020-2021 – 8,50,000/-

(2) MI 02/2020-2021 – 3,00,000/-
നിർവ്വഹണം – ഡയറി ഫാം ഇൻസ്ട്രക്ടർ

- സ.ഉ(കൈ) നം.22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി- 14.02.2018 പ്രകാരം ഒരു ക്ഷീരകർഷകന് പരമാവധി നൽകാവുന്ന സബ്സിഡി തുക 40,000/- രൂപയാണ്. എന്നാൽ, ഉച്ചക്കട ക്ഷീരസംഘത്തിൽ ഉൾപ്പെട്ട ശ്രീ.തങ്കരാജൻ.എം എന്ന ഗുണഭോക്താവിന് മേൽ നിഷ്കർഷിച്ചിട്ടുള്ള നിരക്ക് അധികരിച്ച് തുക നൽകിയിട്ടുണ്ട്.

ബിൽ നമ്പർ (1) പ്രകാരം നൽകിയ തുക- 27,468/-

ബിൽ നമ്പർ (2) പ്രകാരം നൽകിയ തുക- 13,513/-

ആകെ- 40,981/-

അധികം നൽകിയ തുക- 981/-

- ശ്രീ അരങ്ങിൽ ക്ഷീരസംഘത്തിൽ ഉൾപ്പെട്ട ശ്രീമതി.ശ്രീദേവി.വി എന്ന ഗുണഭോക്താവിന്റെ ക്ഷീരസംഘത്തിൽ നിന്നും ലഭ്യമാക്കിയ പാലളവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.
  ഏപ്രിൽ – 277}
  മെയ് – 286 } ആകെ - 785
  ജൂൺ - 222}

3-രൂപ നിരക്കിൽ നൽകേണ്ടുന്ന തുക- 785*3 = 2,355/-

ബിൽ നമ്പർ (1) പ്രകാരം നൽകിയ നിരക്ക്- 3,045/-

അധികം നൽകിയത്- 690/-

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/18.09.2021) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു. അധികം നൽകിയ തുക 1671/-രൂപ (981+690) തിരികെ അടച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 13.1പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ചിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/18.09.2021) ലഭ്യമാക്കിയ മറുപടിയിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലായെന്ന് അറിയിച്ചു. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-17 തുടർസാക്ഷരത- രേഖകൾ ലഭ്യമാക്കിയില്ല -ചെലവ് തുക 153208/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. 198/21 | അടങ്കൽ- 1,00,000/-<br>ചെലവ്- 61,100/- (ബിൽ നം.6/27.03.2021) |
| പ്രോജക്ട് നം. 34/21 | അടങ്കൽ- 1,00,000/-<br>ചെലവ്- 92,108/- (ബിൽ നം.2/20.04.2020, 4/12.10.2020) |

തുടർസാക്ഷരത തുല്യതാപഠനം എന്ന ലക്ഷ്യത്തോടെ എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം 43 ഹയർസെക്കൻഡറി പഠിതാക്കൾക്കും, 14 പത്താംതരം പഠിതാക്കൾക്കുമുള്ള ഫീസിനിത്തിൽ ആകെ 153208/-രൂപ കേരള സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. രണ്ടു പ്രോജക്ടുകളിലും പഠിതാക്കളുടെ ഹാജർ ബുക്ക് സൂക്ഷിക്കാത്തതായി ശ്രദ്ധയിൽ പെട്ടു. ഓൺലൈൻ ക്ലാസ് ആയതിനാലും പല പഞ്ചായത്തുകൾക്ക് ഒരു സെന്റർ ആയതിനാലും ഹാജർ രജിസ്റ്റർ സൂക്ഷിക്കുവാൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത് (എൻക്വയറി നം.6).

പ്രോജക്ട് നം. 198/21 പ്രകാരം രജിസ്റ്റർ ചെയ്ത പഠിതാക്കൾ (ഹയർസെക്കൻഡറി 23 പേർ, പത്താംതരം 8 പേർ) പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റ്, പ്രോജക്ട് നം. 34/21 പ്രകാരം രജിസ്റ്റർ ചെയ്ത പഠിതാക്കൾ (ഹയർസെക്കൻഡറി 20 പേർ, പത്താംതരം 6 പേർ) പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ്, സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിലേക്കായി ചെലവ് തുക 153208/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സ്കൂളുകളിലേക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

പ്രോജക്റ്റ് നം. - 197/21 (സ്കൂളുകൾക്ക് കായിക പരിശീലനത്തിന് സ്പോർട്സ് കിറ്റ്)

അടങ്കൽ - 1,00,000/-

ചെലവ് - 1,00,000/-

നിർവ്വഹണോദ്യോഗസ്ഥ -എച്ച്.എം.

(I) ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലേക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ ഒരു സ്ഥാപനത്തെ (സംഗീത സ്പോർട്സ്), പ്രാരംഭ കരാർ വയ്ക്കാത്തതിനാലും, ഇ.എം.ഡി.അടയ്ക്കാത്തതിനാലും ടെണ്ടറിൽ നിന്ന് ഒഴിവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. മറ്റ് രണ്ട് സ്ഥാപനങ്ങൾ (Kamul Sports, Dream India Sports Aid) നൽകിയ വിവിധയിനം സ്പോർട്സ് ഉപകരണങ്ങളുടെ ആകെ തുക കണക്കാക്കി ഇതിൽ തുക കുറവ് വന്ന Kamul Sports എന്ന സ്ഥാപനത്തെയാണ് സ്പോർട്സ് ഉപകരണങ്ങളുടെ വിതരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ Kamul Sports ക്വാട്ട് ചെയ്ത 37 ഇനങ്ങളുടെ ആകെ വിലയും, Dream India Sports Aid ക്വാട്ട് ചെയ്ത 43 സാധനങ്ങളുടെ ആകെ വിലയും തമ്മിൽ താരതമ്യം ചെയ്താണ് കുറഞ്ഞനിരക്ക് കണ്ടെത്തിയിരിക്കുന്നത്. കൂടാതെ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ പ്രൊക്വയർമെന്റ് കമ്മിറ്റി പരിശോധിച്ച് ബോധ്യപ്പെട്ടതായി മിനിട്ട്സ് പരിശോധിച്ചതിൽ കാണുന്നില്ല. ടെണ്ടർ നോട്ടീസിൽ ഇനമായി ചേർത്തിട്ടില്ലാത്ത 20 Cricket Bat 6400/-രൂപ ചെലവഴിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. Kamul Sports എന്ന സ്ഥാപനം ക്വാട്ട് ചെയ്തതിനേക്കാൾ കുറഞ്ഞ നിരക്കാണ് പല ഉപകരണങ്ങൾക്കും Dream India Sports Aid ക്വാട്ട് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| Item | Kamul Sports | Dream India |
|---|---|---|
| Shuttle Net | 450 | 252 |
| Shuttle Cock | 300 | 120.96 |
| Carrom Board | 940 | 766.08 |
| Ring | 110 | 76.16 |
| Snake & Ladder | 160 | 53.76 |
| Vollyball Net | 390 | 262.08 |
| Skipping Rope | 90 | 47.04 |
| Skipping Rope | 170 | 47.04 |
| Mini Basket Ball | 350 | 189.28 |
| Flying Disc | 135 | 44.8 |
| Tennis Ball | 468 (ടെണ്ടർ പ്രകാരമുള്ള തുക 78/- രൂപ) | 75.04 |
| Whistle | 140 | 72.8 |
| Cycle Pump | 290 | 196 |

പഞ്ചായത്ത് കമ്മിറ്റി ഗുണനിലവാരം പരിശോധിച്ചാണ് സാധനങ്ങൾ എടുത്തതെന്നും, കുറെ സാധനങ്ങൾ ഒരുമിച്ച് ക്വട്ടേഷൻ നൽകുമ്പോൾ Comparative Statement എടുത്ത് ആകെ തുക കുറഞ്ഞ സ്ഥാപനത്തിനാണ് അംഗീകാരം നൽകുന്നതെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. Comparative Statement തയ്യാറാക്കുമ്പോൾ ഒരേ ഇനങ്ങൾക്കുള്ള തുകകൾ കൂട്ടി വേണം വില താരതമ്യം ചെയ്യേണ്ടത്. കൂടാതെ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്വയർമെന്റ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

ഇത്തരം അപാകതകൾ ആവർത്തിക്കാതെ തുടർവർഷങ്ങളിൽ പ്രോജക്റ്റ് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കാർഷിക മേഖല- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

I. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ എല്ലാ പ്രോജക്ടുകളിലും മുൻവർഷത്തേതിലേതു പോലെ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഒന്നിലും സൂക്ഷിച്ചിട്ടില്ല. വീടുകൾ ഹരിതഭവന പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി Beneficiary Enrolment Form വാങ്ങിയിട്ടില്ല. വിവിധ പ്രവർത്തനങ്ങൾ നടത്തിയതായി വൌച്ചർ ഹാജരാക്കിയ ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയത് മോണിറ്റർ ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്ത് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

2. പാട്ടകൃഷി ചെയ്തതായി രേഖപ്പെടുത്തിയ അപേക്ഷകളിൽ പാട്ടകരാർ എന്ന പേരിൽ ലഭ്യമാക്കിയിട്ടുള്ളത് വെള്ള പേപ്പറിലുള്ള ഒരു രസീത് മാത്രമാണ്. സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള മാതൃകയിലുള്ള കരാർ, ഭൂവുടമ കരം അടച്ചതിന്റെ രസീത്/കൈവശാവകാശ രേഖ എന്നിവ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും പാട്ടകൃഷി ചെയ്യുന്നവരാണെന്നും, ഭൂവുടമയിൽ നിന്ന് കൈവശരേഖകൾ ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. പാട്ടകൃഷി ചെയ്യുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള കൃത്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

3. പച്ചക്കറി കൃഷി(പ്രോജക്ട് നം. 22/21) എന്ന പ്രോജക്ട് പ്രകാരം 9000/-രൂപ സബ്സിഡി ശ്രീമതി.വിജില എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ അപേക്ഷയൊടൊപ്പം സൂക്ഷിച്ചിട്ടുള്ള അക്കൌണ്ട് നമ്പറിലേക്കല്ല ബിൽ പ്രകാരം തുക കൈമാറിയിട്ടുള്ളത്.

സാംഖ്യ സോഫ്റ്റ്‌വെയറിൽ ഗുണഭോക്താക്കൾ വേറെ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളപക്ഷം അതിനുശേഷം എന്റർ ചെയ്തിട്ടുള്ള അപേക്ഷകൾ ആദ്യം രേഖപ്പെടുത്തിയതോ, ആധാർ ലിങ്ക് ചെയ്തിട്ടുള്ളതോ ആയ അക്കൌണ്ടിലേക്ക് പോകുമെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സബ്സിഡി തുക മാറി നൽകുന്ന അക്കൌണ്ടിന്റെ രേഖകൾ അപേക്ഷയോടൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതും, ശ്രീമതി വിജിലയ്ക്ക് തന്നെയാണോ മേൽപ്പറഞ്ഞ തുക അനുവദിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-20 കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ പിഴ പലിശ ഈടാക്കുന്നില്ല

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2112.1 പ്രകാരം ( P.A.C തുകയുടെ നിശ്ചിത ശതമാനം എന്ന കണക്കിൽ) ഇനത്തിൽ, അന്തിമ ബില്ലിൽ നിന്നും തുക ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ പറയുന്ന പ്രോജക്റ്റുകളിൽ അപ്രകാരം നിയമാനുസൃതമായ നിരക്കിലുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ടി പ്രവർത്തിയിൽ കരാർ കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാകുന്നു.

| പ്രോജക്റ്റ് നം | കരാർ നം/തീയതി | കരാറുകാരന്റെ പേര് | പ്രവൃത്തിക്ക് അനുവദിച്ച സമയം (മാസം) | എഗ്രീഡ് പി.എ.സി | സ്ഥലം കൈമാറിയ തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | വൈകിയ കാലയളവ് (ദിവസം) | ഈടാക്കിയ പിഴ |
|---|---|---|---|---|---|---|---|---|---|
| 265/20-21 | 20/AE/LSGD /ATR/19-20, 23.9.20 | ജിജിൽ കുമാർ | 4 | 567568 | 23.9.20 | 21.8.21 | 22.1.21 | 211 | ഇല്ല |

ടി കാലതാമസത്തിന് വിശദീകരണം തേടി 25.09.2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-18 നല്കിയിരുന്നു. ആയതിന് 29.9.2021ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. അതിൽ തുടർച്ചയായ മഴ മൂലവും, കോവിഡ് സാഹചര്യം മൂലവും, റോഡിന്റെ പാർശ്വഭിത്തി പുതിയതായി നിർമ്മിച്ചതിനാൽ ഫിൽ ചെയ്ത മണ്ണ് ഉറപ്പില്ലാത്തതിനാൽ ക്വാറി വേസ്റ്റ് ഫിൽ ചെയ്യുകയും അപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാലും ആണ് കാലതാമസം നേരിട്ടത് എന്നും, കരാറുകാരന്റെ വീഴ്ച അല്ലാത്തിനാലാണ് പിഴ ഈടാക്കാത്തത് എന്നുമാണ് മറുപടിയിൽ പ്രതിപാദിച്ചിരുന്നത്. പ്രവൃത്തി പൂർത്തീകരിക്കേണ്ട 23.9.20–22.1.21 കാലയളവിൽ കോവിഡ് സാഹചര്യം ഗുരുതരമല്ലാത്ത സാധാരണ നിലയിൽ പ്രവർത്തിക്കുന്ന സാഹചര്യമായിരുന്നു. സ്ഥലപരിശോധന നടത്തി ശരിയായ വിലയിരുത്തൽ ഉണ്ടായിരുന്നെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരില്ലായിരുന്നു. കൂടാതെ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 27.3.2020 ലെ തീരുമാന നമ്പർ :2 പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. അതിനു ശേഷമാണ് 23.9.20 കരാറിൽ ഏർപ്പെടുന്നത്. അതിനാൽ മറുപടിയിൽ പ്രതിപാദിക്കുന്ന കാരണങ്ങൾ നിലനിൽക്കുന്നതല്ല. ആയതിനാൽ പിഴ തുക അടവാക്കേണ്ടതാണ്.

## 1-21 മിനി എം.സി.എഫ് സ്ഥാപിക്കൽ- 25,632/- രൂപ അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് : മിനി എം.സി.എഫ് സ്ഥാപിക്കൽ

കരാറുകാരൻ : ശ്രീ. സജി. സി

കരാർ തുക : 482490/-

കരാർ നം. : 11/2020, തീയതി- 5.11.2020

സെലക്ഷൻ നോട്ടീസ് നം : MNREGA 194/2020-21, 4.11.2020

MNREGS മുഖേന നടപ്പിലാക്കിയ പഞ്ചായത്തിലെ 16 വാർഡുകളിലെ പൊതുസ്ഥലങ്ങളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ പ്രോജക്ടിനായി മെറ്റീരിയൽസ് സപ്ലൈ ചെയ്ത ഇനത്തിൽ ഓരോ പ്രവൃത്തിക്കും 30060/- രൂപ വീതം കരാറുകാരന് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/പേര് | എം ബുക്ക് നം | പ്രവൃത്തിയുടെ പേര് | എം ബുക്ക് പേജ് നം / ക്രമ നം | എം ബുക്ക് പ്രകാരമുള്ള അളവ് | അനുവദിച്ച തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | 3/ അരംഗമുകൾ | 436/ 20-21 | Steel Work Using Mild Steel Tube Hot Finished Welded Type | 4/ക്രമ നം-4 | 134.13 Kg | എം ബുക്ക് പേജ് നം-14 13632.79/- | 12978.41 (134.13 Kg @ 96.76/ Kg) | 654 |
| | | | GI Tafford Profile Sheet 0.35 Mm Thick | 7/ക്രമ നം-5 | 13.8 M2 | എം ബുക്ക് പേജ് നം-14 4004.21 /- | 3055.96 (13.8 M2 @ 221.42/m2) | 948<br>ആകെ : 1602 |

ഇതേ നിരക്കിൽ തന്നെയാണ് ചുവടെ പറയുന്ന വാർഡുകളിൽ തുക അനുവദിച്ചത്.

1. വാർഡ്-7/ശാസ്താംതല(എം ബുക്ക് നം. 380/20-21, പേജ് നം 3,4,8,9)

2. വാർഡ്- 9/ഭാസ്കർനഗർ വാർഡ്(എം ബുക്ക് നം. 326/20-21, പേജ് നം 2,9,3,9)

3. വാർഡ്- 8/വെൺപകൽ (എം ബുക്ക് നം. 389/20-21 ,പേജ് നം 2,8,7,9)

4. വാർഡ് -4/ഉരുട്ടുകാല(എം ബുക്ക് നം. 351/20-21 ,പേജ് നം 6,8,7,9)

5. വാർഡ്- 17/താന്നിമൂട്(എം ബുക്ക് നം. 390/20-21 ,പേജ് നം 2,6,3,7)

6. വാർഡ് -2/അതിയന്നൂർ (എം ബുക്ക് നം. 433/20-21 ,പേജ് നം 4,11,5,11)

7. വാർഡ്-15/മരുതംകോട്(എം ബുക്ക് നം. 380/20-21 ,പേജ് നം 3,7,4,8)

8. വാർഡ്-14/പൂതംകോട്(എം ബുക്ക് നം. 432/20-21 ,പേജ് നം 3,10,4,10)

9. വാർഡ്-1/രാമപുരം(എം ബുക്ക് നം. 334/20-21 ,പേജ് നം 2,8,3,8)

10. വാർഡ്-16/ശബരിമുട്ടം(എം ബുക്ക് നം. 335/20-21 ,പേജ് നം 2,3,7,9,4,11)

11. വാർഡ്-12/നെല്ലിമൂട്(എം ബുക്ക് നം. 350/20-21 ,പേജ് നം 5,8,12,6,9)

12. വാർഡ്-10/അരംഗിൽ(എം ബുക്ക് നം. 314/20-21 ,പേജ് നം 3,6,8,4,7,9)

13. വാർഡ്-6/കമുകിൻകോട്(എം ബുക്ക് നം. 431/20-21 ,പേജ് നം 4,8,10,5,9,11)

14. വാർഡ്-11/പോങ്ങിൽ(എം ബുക്ക് നം. 434/20-21 ,പേജ് നം 3,5,4,6)

15. വാർഡ്-13/കണ്ണാറവിള(എം ബുക്ക് നം. 387/20-21 ,പേജ് നം 2,5,7,3)

ഇപ്രകാരം ആകെ 25632/-(1602 X 16) ആധികം നൽകിയിട്ടുണ്ട്.

MNREGS പ്രോജക്ട് തയ്യാറാക്കുന്നത് SECURE Software വഴി ആണെന്നും Consolidated Meterial List ടി Software തന്നെയാണ് Generate ചെയ്ത് എടുക്കുന്നതെന്നും അതിൽ Meterial List Wastage ഉൾപ്പെടെയാണ് List ചെയ്യുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.8/17.09.2021-ന്റെ മറുപടി). അത് കൊണ്ട് Secure Software Generate ചെയ്ത ലിസ്റ്റ് പ്രകാരം തുക നൽകി എന്നും, Measurement Record ചെയ്ത തുകയിൽ നിന്നും അധികരിച്ച് തുക നൽകിയിട്ടില്ല എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

10.16.1 എന്ന Specification പ്രകാരമാണ് 'Steel Work Using Mild Steel Tube Hot Finished Welded Type...' പ്രവൃത്തി ചെയ്തിരിക്കുന്നത്. 10.16.1 Specification ൽ Wastage ഉൾപ്പെട്ട് വരുന്നുണ്ട്. അതിനാൽ Wastage ന് പ്രത്യേകമായി തുക അനുവദിക്കാൻ കഴിയുന്നതല്ല. കൂടാതെ എം ബുക്ക് പരിശോധിച്ചതിൽ നിന്നും Measurement Record ചെയ്തതിനെക്കാൾ കൂടുതൽ അളവിൽ തുക അനുവദിച്ചതായി കാണാം. ആയതിനാൽ ടി മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. മെറ്റീരിയൽസ് സപ്ലൈ ചെയ്ത ഇനത്തിൽ അധികം നൽകിയ 25,632/- രൂപ തിരിച്ചടക്കേണ്ടതാണ്.

## 1-22 സെക്രട്ടറി പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തേണ്ടതാണ്.

1. 2020 – 21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ ആകെ പദ്ധതിച്ചെലവ് 58% മാത്രമാണ്.

2. ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ | 300000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| 2 | പൂതച്ചൽ യു പി സ്കൂൾ കുടിവെള്ള കണക്ഷൻ | 20000 | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| 3 | അങ്കണവാടികൾക്കുള്ള കുടിവെള്ള കണക്ഷൻ | 110000 | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| 4 | ഷോപ്പിംഗ് കോംപ്ളക്സ് കടമുറികൾ വൈദ്യുതീകരണം | 50000 | തനത് ഫണ്ട് |
| 5 | പി കെ കുമാരപിള്ള ഗ്രന്ഥശാലയ്ക്ക് പ്രൊജക്ടർ വാങ്ങൽ | 40000 | തനത് ഫണ്ട് |
| 6 | നെല്ലിമൂട് ചന്തയിലെ മാലിന്യം നിക്ഷേപിക്കുന്നതിന് സ്ഥലം വാങ്ങൽ | 500000 | തനത് ഫണ്ട് |
| 7 | അതിയന്നൂർ കോട്ടുകാൽ കുടിവെള്ള പദ്ധതിക്ക് കിണർ നിർമ്മാണത്തിന് സ്ഥലം വാങ്ങൽ | 1500000 | തനത് ഫണ്ട് |
| 8 | ജലജീവൻ മിഷൻ പദ്ധതി | 500000 | തനത് ഫണ്ട് |

കോവിഡിന്റെ സാഹചര്യത്തിൽ പദ്ധതികൾ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന ഓഡിറ്റ് എൻക്വയറി നം 3/15.09.2021 നുള്ള മറുപടി അംഗീകരിക്കുമ്പോൾത്തന്നെ സമയക്രമം നിശ്ചയിച്ച് പദ്ധതികൾ നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുക കൂടിയാണ്. ക്യൂ ബിൽ ആകുക, സ്പിൽ ഓവർ ആകുക എന്നിവയുടെ അടിസ്ഥാന കാരണം പദ്ധതി നിർവ്വഹണത്തിന് സമയനിഷ്ഠ ഏർപ്പെടുത്താത്തതാണ്. ആയതിനാൽ കൂടുതൽ കൃത്യമായ പദ്ധതി നിർവ്വഹണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ് (മോണിറ്ററിംഗ് കമ്മിറ്റി), സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവർ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം നിർവ്വഹിക്കേണ്ടതുമാണ്.

## 1-23 മെഡിക്കൽ ഓഫീസർ (അലോപ്പതി) പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തേണ്ടതാണ്

1. 2020 – 21 ൽ മെഡിക്കൽ ഓഫീസർ (അലോപ്പതി) നടപ്പാക്കിയ പദ്ധതികളിൽ ആകെ പദ്ധതിച്ചെലവ് 66.65 % മാത്രമാണ്.

2. ചുവടെച്ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | മൊബൈൽ ക്ളിനിക്കൽ ലാബ് | 100000 | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| 2 | അഗതിരഹിത കേരളം | 195000 | വികസന ഫണ്ട് |
| 3 | ഡോക്ടർ പാരാമെഡിക്കൽ സ്റ്റാഫ് ഓണറേറിയം | 500000 | തനത് ഫണ്ട് |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.4/15.09.2021 ന് ലഭ്യമാക്കിയ മറുപടിയിൽ നിന്നും പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി നടപ്പാക്കാത്തതാണ് ഈ വീഴ്ചകൾക്ക് കാരണമെന്ന് വ്യക്തമാണ്. ആയതിനാൽ ഇക്കാര്യങ്ങളിൽ നിർവ്വണ ഉദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവർ മേൽനോട്ടം നിർവ്വഹിക്കേണ്ടതുമാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

1.

| പദ്ധതിയുടെ പേര് | എസ് എസ് എ വിഹിതം |
|---|---|

| | |
|---|---|
| പദ്ധതി നമ്പർ | SOO2/ 21 |
| അടങ്കൽ | 215152 |
| ചെലവ് | 215152 |
| ഫണ്ട് | വികസനഫണ്ട് |
| ബിൽ നം, തീയതി | 17, 20020252013900606729, 12.10.2020 |

എസ് എസ് എ ജില്ലാ കോ ഓർഡിനേറ്ററുടെ കാനറ ബാങ്കിലുള്ള 0819101103660 എന്ന അക്കൌണ്ടിലേക്ക് മേൽ ബിൽ പ്രകാരം പണം ട്രാൻഫർ ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല.

2.(A)

| പദ്ധതിയുടെ പേര് | വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ |
|---|---|
| പദ്ധതി നമ്പർ | S004/21 |
| അടങ്കൽ | 326892 |
| ചെലവ് | 243835 |
| ഫണ്ട് | ധനകാര്യക്കമ്മിഷൻ ഗ്രാന്റ് |
| ബിൽ നം, തീയതി | 24, 4/21 30.11.2020 – 20853/- രൂപ<br>30, 4/21, 28.01.2021 – 2394/- രൂപ<br>36, 4/21, 10.03.2021 – 220588/- രൂപ |

(B)

| പദ്ധതിയുടെ പേര് | സ്ട്രീറ്റ് ലൈറ്റ് ദീർഘിപ്പിക്കൽ |
|---|---|
| പദ്ധതി നമ്പർ | S00188/21 |
| അടങ്കൽ | 1358077 |
| ചെലവ് | 1358077 |
| ഫണ്ട് | ധനകാര്യക്കമ്മിഷൻ ഗ്രാന്റ് |
| ബിൽ നം, തീയതി | 3, 188/21, 19.05.2021, 709451/- രൂപ<br>4, 188/21, 19.05.2021, 322081/- രൂപ<br>5, 188/21, 19.05.2021, 108630/-രൂപ<br>6, 188/21, 19.05.2021, 73150/-രൂപ<br>23, 188/21, 30.11 2021, 144765/- രൂപ |

സെക്രട്ടറിയുടെ നിർവ്വഹണത്തിൽ നടന്ന പ്രോജക്ടുകൾ പ്രകാരം മേൽ തുകകൾ കെ എസ് ഇ ബി ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5/ 15.09.2021ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സാക്ഷ്യപത്രങ്ങൾ കിട്ടിയിട്ടില്ലെന്നും ആയവ നേടാനുള്ള നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-25 കില പരിശീലനം- ചെലവു തടസ്സപ്പെടുത്തുന്നു

13-01-21 മുതൽ 16-01-21വരെ കില നടത്തിയ ജനപ്രതിനിധികൾക്കുള്ള Online പരിശീലനത്തിനായി ചുവടെ ചേർത്തിരിക്കുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | വൌച്ചർ നം. | വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | 22000667/18-01-21 | 13മുതൽ 16-01-21 വരെ മെംപർമാർക്കുള്ള Online പരിശീലനം -ഭക്ഷണച്ചെലവ് (ചായ) | 1088- |

| | | | |
|---|---|---|---|
| 2 | 21900905/14-02-20 | 13മുതൽ 16-01-21വരെ മെംപർമാർക്കുള്ള Online പരിശീലനം - ഭക്ഷണച്ചെലവ് (ഊണ്) | 7250- |
| | | ആകെ | 8338/- |

തൻവർഷത്തെ വൌച്ചറുകൾ പരിശോധിച്ചതിൽ മേൽ ചെലവിന്റെ ഒറിജിനൽ ബില്ലുകൾ റീഇംപേഴ്സ്മെന്റിനായി കിലയിലേക്ക് അയച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ റീഇംപേഴ്സ്മെന്റ് സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത ചെലവ് 8338/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ തുക കിലയിൽ നിന്ന് തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 355955 | 2020-21 | സ്നേഹസ്പർശനം | 4721875 | 281875 | 355955 |
| | | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | | 100000 | |
| | | | ലൈഫ് ഭവന പദ്ധതി | | 580000 | |
| | | | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | | 660000 | |
| | | | ലൈഫ് ഭവന പദ്ധതി ഫേസ് 3 ഭൂമി വാങ്ങൽ | | 450000 | |
| | | | ന്യൂ ലൈഫ് സമഗ്രകോളനി വികസനം (ജനറൽ) | | 160000 | |
| | | | ന്യൂ ലൈഫ് പദ്ധതി (ജനറൽ) | | 680000 | |
| | | | ലൈഫ് ഭവന പദ്ധതി ഫേസ് 3 (ജനറൽ) | | 1600000 | |
| | | | ലൈഫ് സമഗ്രകോളനി വികസനം (എസ്.സി.പി) | | 210000 | |

| | | | | | | |
|---|---|---|---|---|---|---|
| | 355955 | | ആകെ | 4721875 | 4721875 | 355955 |
| ജില്ലാ പഞ്ചായത്ത് | 1324278 | 2020-21 | സ്നേഹസ്പർശനം | 2809000 | 270000 | 1574278 (*1) |
| | | | ലൈഫ് ഭവന പദ്ധതി ഫേസ് 3 ഭൂമി വാങ്ങൽ | | 225000 | |
| | | | ന്യൂ ലൈഫ് പദ്ധതി (ജനറൽ) | | 1360000 | |
| | | | ന്യൂ ലൈഫ് സമഗ്രകോളനി വികസനം (ജനറൽ) | | 40000 | |
| | | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | | 280000 | |
| | | | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (SO) | | 300000 | |
| | 1324278 | | ആകെ | 2809000 | 2559000 | 1574278 |

(*)- വാർഷികധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 324278/- രൂപ. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5279913 | 3713056 | - | 8992969 | - | 8992969 |
| കെ.എസ്.ഇ.ബി | 453714 | 1601912 | - | 2055626 | - | 2055626 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/നമ്പർ /തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | GO(MS)no. 68/2018/lsgd Dated 18.05.2018 | 11719670 | 1480000 | 1214941 | 11984729 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല. | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 11,49,56,286 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,34,96,557 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,61,546 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 153208 | ശ്രീമതി അനിത.കെ.വി, എച്ച്.എം |
| 1-25 | 8338 | ശ്രീ.റഹ്മത്തുള്ള എ.ടി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനിത.കെ.വി, എച്ച്.എം | | ദീപം, കമുകിൻകോഡ്, കൊടങ്ങാവിള, റ്റി.സി 45/634/(1), ബീമാപള്ളി, തിരുവനന്തപുരം 8 |
| ശ്രീ.റഹ്മത്തുള്ള എ.ടി, സെക്രട്ടറി | സെക്രട്ടറി | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 3 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 1 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 3 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 2 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 2 | |

| | | | |
|---|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 4 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 3 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/1127/2018 തീയതി,16.06.2018 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി3/2134/2016 തീയതി,16.06.2018 | 12 | |
| 2016-17 | കെ.എസ്.എ.ടി.വി.എം.ജി.പി3/1796/2017 തീയതി, 25.08.17 | 17 | |
| 2017-18 | കെ.എസ്.എ.ടി.വി.എം.ജി.പി3/195/2018, തീയതി 01.04.2019 | 9 | |
| 2018-19 | കെ.എസ്.എ.ടി.വി.എം.ജി.പി3/ | | |
| 2019-20 | കെ.എസ്.എ.ടി.വി.എം.ജി.പി3/ | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്